**മധുരമായ കുട്ടികളെ– മനുഷ്യനെ ദേവതയാക്കി മാറ്റുന്നതിനുള്ള സേവനത്തിൽ നിങ്ങൾക്ക് വളരെ വളരെ താല്പര്യം വേണം പക്ഷേ ഈ സേവനം ചെയ്യുന്നതിന് തന്റെയുള്ളിൽ ഉറച്ച ധാരണ വേണം.**

**ചോദ്യം–** ആത്മാവിൽ അഴുക്ക് പിടിക്കുന്നത് എങ്ങനെയാണ്? ആത്മാവിൽ ഏതൊരു അഴുക്കാണ് പിടിക്കുന്നത്?

**ഉത്തരം–** മിത്ര–സംബന്ധികളുടെ ഓർമ്മയിലൂടെ ആത്മാവ് അഴുക്ക് പിടിക്കുന്നു. ഒന്നാം നമ്പർ അഴുക്ക് ദേഹാഭിമാനത്തിന്റേതാണ്, പിന്നീട് ലോപ–മോഹങ്ങളുടെ അഴുക്ക് പിടിക്കുന്നു. ഈ വികാരങ്ങളുടെ അഴുക്ക് ആത്മാവിൽ പറ്റിപ്പിടിക്കുന്നു. പിന്നീട് അച്ഛനെ ഓർമ്മിക്കാൻ മറന്നുപോകുന്നു, പിന്നെ സേവനം ചെയ്യാൻ സാധിക്കില്ല.

**ഗീതം–** അങ്ങയുടെ വിളികേൾക്കാൻ ഹൃദയം ആഗ്രഹിക്കുന്നു.......

**ഓംശാന്തി**. ഈ ഗീതം വളരെ നല്ലതാണ്. കുട്ടികൾ ഗ്യാരന്റി പറയുന്നു അങ്ങയിൽ നിന്ന് ഈ ജ്ഞാനം കേട്ട്, പിന്നെ കേൾപ്പിക്കാൻ ഹൃദയം ആഗ്രഹിക്കുന്നു. കുട്ടികൾ ഓർമ്മിക്കുന്നുണ്ട്, തീർച്ചയായും ചിലർ ഓർമ്മിക്കുകയും പിന്നെ ചിലർ കൂടിക്കാഴ്ച നടത്തിയിട്ടും ഉണ്ടാകും. പറയാറുണ്ട് കോടിയിൽ ചിലരാണ് വന്ന് ഈ സമ്പത്ത് എടുക്കുന്നത്. ഇപ്പോൾ ബുദ്ധി വളരെ വിശാലമായിരിക്കുന്നു. തീർച്ചയായും 5000 വർഷം മുമ്പും അച്ഛൻ രാജയോഗം പഠിപ്പിക്കാൻ വന്നിട്ടുണ്ടാകും. ആദ്യമാദ്യം ജ്ഞാനമാരാണ് കേൾപ്പിച്ചത് എന്നത് മനസ്സിലാക്കിക്കൊടുക്കണം എന്തുകൊണ്ടെന്നാൽ ഇതിൽ തന്നെയാണ് ഏറ്റവും വലിയ തെറ്റ്. അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട് സർവ്വശാസ്ത്രശിരോമണി ഗീതയാണ് ഭാരതത്തിന്റെ ശാസ്ത്രം. ശാസ്ത്രങ്ങളുടെ മാതാവായ ഗീത ആരാണ് ഉച്ചരിച്ചത് പിന്നീട് അതിലൂടെ ഏതൊരു ധർമ്മമാണ് സ്ഥാപിക്കപ്പെട്ടത് എന്നത് മാത്രം മനുഷ്യർ മറന്നുപോയി. ബാക്കി പാടുന്നുണ്ട്– അല്ലയോ ഭഗവാനേ വന്നാലും എന്ന്. പുതിയ ലോകത്തിന്റെ രചന നടത്താൻ ഭഗവാൻ തീർച്ചയായും വരുക തന്നെ ചെയ്യും. മുഴുവൻ ലോകത്തിന്റേയും ഫാദറല്ലേ. അങ്ങു വരുകയാണെങ്കിൽ സുഖമോ ശാന്തിയോ ലഭിക്കും എന്ന് ഭക്തർ പാടുന്നുണ്ട്. സുഖം, ശാന്തി എന്നിവ രണ്ട് വസ്തുക്കളാണ്. സത്യയുഗത്തിൽ തീർച്ചയായും സുഖം ഉണ്ടായിരുന്നു ബാക്കി ആത്മാക്കളെല്ലാം ശാന്തീദേശത്തിലായിരുന്നു. ഈ പരിചയം നൽകണം. പുതിയ ലോകത്തിൽ പുതിയ ഭാരതം, രാമരാജ്യമായിരുന്നു. അവിടെ സുഖമായിരുന്നു അതിനാലാണ് രാമരാജ്യത്തിന് ഇത്രയും മഹിമയുള്ളത്. അതിനെ രാമരാജ്യം എന്നു പറയുകയാണെങ്കിൽ ഇതിനെ രാവണരാജ്യം എന്നാണ് പറയേണ്ടത് എന്തെന്നാൽ ഇവിടം മുഴുവൻ ദുഃഖമാണ്. അവിടെ സുഖമാണ്, അച്ഛൻ വന്ന് സുഖം നൽകുകയാണ്. ബാക്കി എല്ലാവർക്കും ശാന്തീധാമത്തിൽ ശാന്തി ലഭിക്കും. ശാന്തിയുടേയും സുഖത്തിന്റേയും ദാതാവ് അച്ഛനല്ലേ. ഇവിടെ മുഴുവൻ അശാന്തിയും ദുഃഖവുമാണ്. അതിനാൽ ബുദ്ധിയിൽ ഈ ജ്ഞാനം ഉറയ്ക്കണം, അതിലൂടെ അവസ്ഥ വളരെ നല്ലതാകും. ഇങ്ങനെ ചെറിയ കുട്ടികൾക്ക് പോലും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും പക്ഷേ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കുന്നില്ല, ഇതിന് വളരെ ഉറച്ച ധാരണ വേണം. പിന്നീട് ആര് ചോദ്യം ചോദിച്ചാലും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കണം. അവസ്ഥ നല്ലതായിരിക്കണം. ഇല്ലെങ്കിൽ ചിലപ്പോൾ ദേഹാഭിമാനത്തിൽ ചിലപ്പോൾ ക്രോധത്തിൽ അല്ലെങ്കിൽ ചിലപ്പോൾ മോഹത്തിൽ വീണുപോകും. ബാബാ ഇന്ന് ഞാൻ ക്രോധത്തിൽ വീണുപോയി, ഇന്ന് ഞാൻ ലോപത്തിൽ വീണുപോയി എന്ന് എഴുതിക്കൊണ്ടിരിക്കും. അവസ്ഥ ശക്തിയുള്ളതായാൽ പിന്നെ വീഴുക എന്ന കാര്യമേയില്ല. വളരെ ലഹരിയുണ്ടാകും– മനുഷ്യനെ ദേവതയാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യൂ. ഗീതവും വളരെ നല്ലതാണ് ബാബാ, അങ്ങ് വരുകയാണെങ്കിൽ ഞങ്ങൾ വളരെ സുഖികളായിത്തീരും. തീർച്ചയായും അച്ഛന് വരുകതന്നെ വേണം. ഇല്ലെങ്കിൽ ആര് പതിതസൃഷ്ടിയെ പാവനമാക്കി മാറ്റും? കൃഷ്ണനാണെങ്കിൽ ദേഹധാരിയാണ്. കൃഷ്ണന്റേയോ അല്ലെങ്കിൽ ബ്രഹ്മാ, ശങ്കരന്മാരുടേയോ പേരെടുക്കാൻ സാധിക്കില്ല. പതിത പാവനാ വരൂ എന്ന് പാടുന്നുണ്ട് നിങ്ങൾ അവരോട് ചോദിക്കണം നിങ്ങൾ ഇത് ആരെപ്രതിയാണ് പാടുന്നത്? പതിതപാവനൻ ആരാണ് അവർ എപ്പോഴാണ് വരുന്നത്? പതിതപാവനനെ വിളിക്കുന്നുവെങ്കിൽ തീർച്ചയായും ഇത് പതിതലോകമല്ലേ. പാവനലോകമെന്ന് സത്യയുഗത്തേയാണ് പറയുന്നത്. പതിതലോകത്തെ ആര് പാവനമാക്കി മാറ്റും? ഗീതയിലുണ്ട് ഭഗവാൻ രാജയോഗം പഠിപ്പിച്ചു ഈ വികാരങ്ങളുടെ മേൽ വിജയം നേടി. കാമം മഹാശത്രുവാണ്. രാജയോഗം ഞാൻ തന്നെയാണ് പഠിപ്പിച്ചത്, കാമം മഹാശത്രുവാണ് എന്ന് പറഞ്ഞത് ആരാണ് എന്ന് ചോദിക്കേണ്ടി വരുന്നു. ഞാൻ സർവ്വവ്യാപിയാണ് എന്ന് പറഞ്ഞത് ആരാണ്? ഏത് ശാസ്ത്രത്തിലാണ് എഴുതിയിട്ടുള്ളത്?

ആരെയാണ് പതിതപാവനൻ എന്നു പറയുന്നത്? എന്താ പതിതപാവനി ഗംഗയാണോ, അതോ മറ്റാരെങ്കിലുമോ? ഗാന്ധിജിയും പറഞ്ഞിരുന്നു പതിതപാവനാ വരൂ എന്ന്, ഗംഗയാണെങ്കിൽ എപ്പോഴും ഇവിടെത്തന്നെയുള്ളതാണ്. ഗംഗ പുതിയതൊന്നുമല്ല. ഗംഗയെ അവിനാശി എന്നു പറയുന്നു തത്വങ്ങൾ തമോഗുണിയാവുമ്പോൾ അതിനും ചഞ്ചലതയുണ്ടാകുന്നു. കരകവിഞ്ഞ് ഒഴുകുന്നു, വഴിമാറുന്നു. സത്യയുഗത്തിൽ എല്ലാം ക്രമപ്രകാരം നടക്കും. മഴ കുറയുക കൂടുക ഇതൊന്നുമുണ്ടാകില്ല. അവിടെ ദുഃഖത്തിന്റെ കാര്യമേയില്ല. അതിനാൽ ബുദ്ധിയിൽ ഇതുണ്ടാകണം പതിതപാവനൻ നമ്മുടെ അച്ഛൻ തന്നെയാണ്. പതിതപാവനനെ ഓർമ്മിക്കുമ്പോൾ എപ്പോഴും പറയുന്നു, അല്ലയോ ഭഗവാനേ, അല്ലയോ പിതാവേ. ഇത് ആരാണ് പറഞ്ഞത്? ആത്മാവ്. നിങ്ങൾക്കറിയാം പതിതപാവനായ ശിവബാബ വന്നിരിക്കുകയാണ്. നിരാകാരൻ എന്ന പദം തീർച്ചയായും ഇടണം. ഇല്ലെങ്കിൽ സാകാരത്തിലുള്ളവരെ അംഗീകരിക്കും. ആത്മാവ് പതിതമായിരിക്കുകയാണ്, എല്ലാവരും ഈശ്വരനാണ് എന്ന് പറയാൻ സാധിക്കില്ല. അഹം ബ്രഹ്മാസ്മി, ശിവോഹം എന്ന് പറയുന്നത് ഒന്നുതന്നെയാണ്. എന്നാൽ രചനയുടെ അധികാരി ഒരേഒരു രചയിതാവാണ്. മനുഷ്യർ അതിനെ നീട്ടി വലിച്ച് പറഞ്ഞാലും നമ്മുടെ കാര്യം ഒരു സെക്കന്റിന്റേതാണ്. സെക്കന്റിൽ അച്ഛന്റെ സമ്പത്ത് ലഭിക്കുന്നു. സ്വർഗ്ഗത്തിലെ രാജ്യപദവിയാണ് അച്ഛന്റെ സമ്പത്ത്. അതിനെയാണ് ജീവന്മുക്തി എന്നു പറയുന്നത്. ഇതാണെങ്കിൽ ജീവൻബന്ധനമാണ്. മനസ്സിലാക്കിക്കൊടുക്കണം- എപ്പോഴാണോ അങ്ങ് വരുന്നത് അപ്പോൾ ഞങ്ങൾക്ക് സ്വർഗ്ഗത്തിന്റെ, മുക്തി ജീവന്മുക്തിയുടെ സമ്പത്ത് നൽകും. അതിനാലാണ് എഴുതുന്നത് മുക്തി ജീവന്മുക്തി ദാതാവ് ഒരാളാണ്. ഇതും മനസ്സിലാക്കിക്കൊടുക്കണം. സത്യയുഗത്തിൽ ഒരേഒരു ആദിസനാതന ദേവീദേവതാ ധർമ്മമാണുള്ളത്. അവിടെ ദുഃഖത്തിന്റെ പേരുപോലുമില്ല. അത് സുഖധാമമാണ്. സൂര്യവംശികളുടെ രാജ്യമായിരിക്കും. പിന്നീട് ത്രേതായുഗത്തിൽ ചന്ദ്രവംശിയും. അതിനുശേഷം ദ്വാപരത്തിൽ ഇസ്ലാമികളും ബൗദ്ധികളും വരുന്നു. മുഴുവൻ പാർട്ടും അടങ്ങിയിരിക്കുന്നു. ഒരു ബിന്ദുവായ ആത്മാവിലും പിന്നെ പരമാത്മാവിലും എത്രമാത്രം പാർട്ടാണ് അടങ്ങിയിരിക്കുന്നത്. ശിവന്റെ ചിത്രത്തിലും ഇതെഴുതണം ഞാൻ ഇത്രയും പലിയ ജ്യോതിർലിംഗമല്ല. ഞാൻ നക്ഷത്രസമാനമാണ്. ആത്മാവും നക്ഷത്രസമാനമാണ്, പാടുന്നുമുണ്ട് ഭൃകുടിയ്ക്കു നടുവിൽ തിളങ്ങുന്ന അത്ഭുത നക്ഷത്രം........... എങ്കിൽ അത് ആത്മാവുതന്നെയാണ്. ഞാനും പരമപിതാ പരമാത്മാവാണ്. പക്ഷേ ഞാൻ പരമവും പതിതപാവനനുമാണ്. എന്റെ ഗുണങ്ങൾ വ്യത്യസ്തമാണ്. അതിൽ മുഴുവൻ ഗുണങ്ങളും എഴുതണം. ഒരു ഭാഗത്ത് ശിവബാബയുടെ മഹിമയും മറുഭാഗത്ത് കൃഷ്ണന്റെ മഹിമയും. വിപരീത കാര്യങ്ങളാണ് അത് നല്ലപദങ്ങൾ ഉപയോഗിച്ച് എഴുതണം. അത് മനുഷ്യർക്ക് വായിച്ച് നല്ലരീതിയിൽ മനസ്സിലാക്കാൻ കഴിയണം. സ്വർഗ്ഗവും നരകവും, സുഖവും ദുഃഖവും, അതിനെ കൃഷ്ണന്റെ രാത്രിയും പകലും എന്നോ ബ്രഹ്മാവിന്റേതെന്നോ പറയാം. സുഖവും ദുഃഖവും എങ്ങനെയാണ് ഉണ്ടാകുന്നത് എന്നത് നിങ്ങൾ കുട്ടികൾക്ക് അറിയാം. സൂര്യവംശി 16 കലയും ചന്ദ്രവംശി 14 കലയുമാണ്. സൂര്യവംശി സമ്പൂർണ്ണ സതോപ്രധാനവും ചന്ദ്രവംശി സതോയുമാണ്. സൂര്യവംശി തന്നെയാണ് പിന്നീട് ചന്ദ്രവംശിയാവുന്നത്. സൂര്യവംശി ത്രേതായുഗത്തിലെത്തുമ്പോൾ തീർച്ചയായും ചന്ദ്രവംശിയായാണ് ജന്മമെടുക്കുക. രാജ്യപദവി തന്നെയാണ് എടുക്കുക. ഈ കാര്യങ്ങൾ നല്ലരീതിയിൽ ബുദ്ധിയിൽ ഇരിക്കണം. എത്രത്തോളം ഓർമ്മയിൽ ഇരിക്കുന്നുവോ, ദേഹീ അഭിമാനിയാകുന്നുവോ അത്രത്തോളം ധാരണയുമുണ്ടാകും. അവർ സേവനവും വളരെ നന്നായി ചെയ്യും. ഞങ്ങൾ ഇങ്ങനെയാണ് ഇരിക്കുന്നത്, ഇങ്ങനെയാണ് ധാരണ ചെയ്യുന്നത്, ഇങ്ങനെയാണ് മനസ്സിലാക്കിക്കൊടുക്കുന്നത്, മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനായി ഇങ്ങനെ ഇങ്ങനെ വിചാരസാഗര മഥനം ചെയ്യുന്നു എന്ന് സ്പഷ്ടമായി മറ്റുള്ളവരെ കേൾപ്പിക്കാൻ സാധിക്കും. മുഴുവൻ സമയവും വിചാരസാഗര മഥനം നടന്നുകൊണ്ടിരിക്കും. ആരിലാണോ ജ്ഞാനമില്ലാത്തത് അവരുടെ കാര്യംതന്നെ വേറെയാണ്, ധാരണയുണ്ടാകില്ല. ധാരണയുണ്ടാവുകയാണെങ്കിൽ സർവ്വീസ് ചെയ്യണം. ഇപ്പോൾ സേവനം വളരെ വൃദ്ധിപ്രാപിക്കുന്നുണ്ട്. ദിനംപ്രതി മഹിമ വർദ്ധിച്ചുകൊണ്ടിരിക്കും. പിന്നീട് നിങ്ങളുടെ പ്രദർശിനികളിലും വളരെയധികം പേർ വരും. എത്ര ചിത്രങ്ങൾ ഉണ്ടാക്കേണ്ടിവരും. വളരെ വലിയ മണ്ഡപം ഉണ്ടാക്കണം. ഇത് മനസ്സിലാക്കാൻ ഏകാന്തത വേണം. നമ്മുടെ മുഖ്യചിത്രങ്ങൾ വൃക്ഷവും ചക്രവും ലക്ഷ്മീ നാരായണനുമാണ്. രാധാ-കൃഷ്ണന്റെ ചിത്രത്തിൽ നിന്നും ഇവർ ആരാണ് എന്നത് അത്രത്തോളം മനസ്സിലാക്കാൻ സാധിക്കില്ല. ഈ സമയം നിങ്ങൾക്കറിയാം ബാബ നമ്മളെ ഇങ്ങനെ പാവനമാക്കി മാറ്റുകയാണ്. എല്ലാവരും ഒരുപോലെ സമ്പൂണ്ണമാകില്ല. ആത്മാവ് പവിത്രമായി മാറും എന്നാൽ ജ്ഞാനം എല്ലാവരും ഒരുപോലെ ധാരണ ചെയ്യില്ല. ധാരണയുണ്ടാകുന്നില്ലെങ്കിൽ മനസ്സിലാക്കാം ഇവർ കുറഞ്ഞ പദവിനേടും.

ഇപ്പോൾ നിങ്ങളുടെ ബുദ്ധി എത്ര തീഷ്ണമായി, എല്ലാക്ലാസിലും നമ്പർവൈസ് ആയിരിക്കും. ചിലർ തീഷ്ണം, ചിലർ മങ്ങിയിട്ട്, ഇവിടെയും നമ്പർവൈസാണ്. അഥവാ നന്നായി മനസ്സിലാക്കുന്ന ഒരാൾക്ക് മൂന്നാം തരത്തിൽ മനസ്സിലാക്കിക്കൊടുക്കുന്ന ഒരാളെ ലഭിക്കുകയാണെങ്കിൽ അവർ കരുതും ഇവർ ഒന്നുമല്ല അതിനാൽ പുരുഷാർത്ഥം ചെയ്യണം നന്നായി മനസ്സിലാക്കുന്ന ആൾക്ക് നന്നായി മനസ്സിലാക്കിക്കൊ

ടുക്കുന്നയാൾ തന്നെ വേണം. എല്ലാവരും ഒരുപോലെ പാസാവില്ല. ബാബയ്ക്ക് പരിധിയുണ്ട്. കല്പ കല്പം ഈ പഠിപ്പിന്റെ റിസൾട്ട് വരും. മുഖ്യമായി 8 പേർ പാസാകും, പിന്നെ 100, പിന്നെയാണ് 16000, പിന്നീട് പ്രജകൾ. അതിലും ധനികൻ, പാവപ്പെട്ടവർ എല്ലാമുണ്ടാകും. മനസ്സിലാക്കിത്തരുകയാണ് – ഈ സമയം നിങ്ങൾ എന്ത് പുരുഷാർത്ഥത്തിലാണ്? ഏത് പദവി നേടാൻ യോഗ്യരാണ്? ടീച്ചർക്ക് തീർച്ച യായും അറിയാം. ടീച്ചേഴ്സും നമ്പർവൈസാണ്. അഥവാ ടീച്ചർ നല്ലതാണെങ്കിൽ എല്ലാവരും സന്തോ ഷിക്കും നന്നായി പഠിപ്പിക്കുന്നുണ്ട്, നല്ല സ്നേഹവുമുണ്ട്. ചെറിയ സേവാകേന്ദ്രത്തെ വലുതാക്കുന്നത് വലിയ ഒരു ടീച്ചറായിരിക്കും. ബുദ്ധികൊണ്ട് എത്ര ജോലിചെയ്യണം. ജ്ഞാനമാർഗ്ഗത്തിൽ അതിമധുര മായി മാറണം. എപ്പോഴാണോ മധുരമായ അച്ഛനുമായി സദാ യോഗമുണ്ടാകുന്നത് അപ്പോഴാണ് മധു രമായി മാറുന്നത്, ധാരണയും ഉണ്ടാകും. ഇങ്ങനെയുള്ള മധുരമായ അച്ഛനുമായി പലർക്കും യോഗമില്ല. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും അച്ഛനുമായി പൂർണ്ണമായും യോഗം വെയ്ക്കണം എന്നത് മനസ്സിലാക്കുന്നേയില്ല. മായയുടെ കൊടുങ്കാറ്റ് വരുകതന്നെ ചെയ്യും. ചിലർക്ക് പഴയ മിത്രസംബന്ധികളെ ഓർമ്മവരും, ചിലർക്ക് മറ്റെന്തെങ്കിലുമൊക്കെ ഓർമ്മവരും. അതിനാൽ മിത്ര സംബന്ധികളുടെ ഓർമ്മ ആത്മാവിനെ അഴുക്കാക്കുന്നു. അഴുക്കാവുമ്പോൾ ഭയപ്പെടുന്നു, ഇതിൽ ഭയക്കരുത്. മായ ഇത് ചെയ്യുക തന്നെ ചെയ്യും, നമുക്കുമേൽ അഴുക്ക് വീഴും. ഹോളിയ്ക്ക് ചായം പൂശാറില്ലേ. നമ്മൾ ബാബയുടെ ഓർമ്മ യിൽ ഇരിക്കുകയാണെങ്കിൽ അഴുക്കുണ്ടാകില്ല. അച്ഛനെ മറക്കുകയാണെങ്കിൽ ഒന്നാം നമ്പറിലുള്ള ദേഹാ ഭിമാനമെന്ന അഴുക്കുവീഴും. പിന്നീട് ലോഭം, മോഹം എല്ലാം വരും. സ്വയത്തിനുവേണ്ടി പരിശ്രമിക്കണം, സമ്പാദിക്കണം പിന്നീട് മറ്റുള്ളവരെ തനിക്കുസമാനമാക്കി മാറ്റുന്നതിന് ശ്രമിക്കണം. സെന്ററിൽ വളരെ നന്നായി സേവനം നടക്കും. ഇവിടെ വരുമ്പോൾ പറയുന്നു ഞങ്ങൾ പോയി എല്ലാം തയ്യാറാക്കും സെന്റർ തുറക്കും എന്നാൽ ഇവിടെ നിന്നുപോയാൽ എല്ലാം അവസാനിച്ചു. ബാബ സ്വയം പറയുന്നു നിങ്ങൾ ഇതെല്ലാം മറക്കും. മനസ്സിലാക്കിക്കൊടുക്കാൻ യോഗ്യരായി മാറുന്നതുവരെ ഇവിടെ ഭട്ടിയിൽ ഇരിക്ക ണം. ശിവബാബയുമായിട്ടുള്ളതല്ലേ ഏറ്റവും മധുരമായ ബന്ധം. ഏതുപ്രകാരത്തിലുള്ള സേവനമാണ് ചെയ്യുന്നത് എന്ന് മനസ്സിലാക്കാൻ സാധിക്കും. സ്ഥൂലസേവനത്തിന് തീർച്ചയായും പ്രശംസ ലഭിക്കും. വളരെയധികം പേർ കഠിനമായി സേവനം ചെയ്യുന്നു. പക്ഷേ മറ്റു വിഷയങ്ങളുമുണ്ടല്ലോ. ആ പഠിപ്പിലും അനേകം വിഷയങ്ങളുണ്ടാകും. അതുപോലെ ആത്മീയ പഠിപ്പിലും വിഷയങ്ങളുണ്ട്. ആദ്യ നമ്പറിലുള്ള വിഷയം ഓർമ്മയാണ് പിന്നീട് പഠിപ്പും. ബാക്കിയെല്ലാം ഗുപ്തമാണ്. ഈ ഡ്രാമയേയും മനസ്സിലാക്കണം. ഓരോ യുഗങ്ങളിലും 1250 വർഷങ്ങളുണ്ടെന്നത് ആർക്കും അറിയില്ല. സത്യയുഗം എത്ര സമയം ഉണ്ടായി രുന്നു, ശരി അവിടെ ഏത് ധർമ്മമായിരുന്നു? ഏറ്റവും കൂടുതൽ ജന്മം ഇവിടെ ആരുടേതായിരിക്കണം? ബൗദ്ധികളും ഇസ്ലാമികളും ഇത്രയും ജന്മമെടുക്കുമോ. ഈ കാര്യങ്ങൾ ആരുടേയും ബുദ്ധിയിൽ ഇല്ല. ശാസ്ത്രവാദികളോട് ചോദിക്കണം നിങ്ങൾ ഭഗവാനുവാചാ എന്ന് ആരെയാണ് പറയുന്നത്? സർവ്വശാ സ്ത്രശിരോമണി ഗീതയാണ്. ഭാരതത്തിൽ ആദ്യം ദേവീദേവതാ ധർമ്മമായിരുന്നു. അതിന്റെ ശാസ്ത്രം ഏതാണ്? കൃഷ്ണഭഗവാനുവാചാ എന്നത് സാധ്യമല്ല. സ്ഥാപനയും വിനാശവും ചെയ്യിക്കുക എന്നത് ഭഗ വാന്റെ തന്നെ ജോലിയാണ്. ശ്രീകൃഷ്ണനെ ഭഗവാൻ എന്നു പറയില്ല. കൃഷ്ണൻ എപ്പോഴാണ് വന്നത്? ഇപ്പോൾ ഏത് രൂപത്തിലാണ്? ശിവബാബയുടെ മറുവശത്ത് ശ്രീകൃഷ്ണന്റെ മഹിമ തീർച്ചയായും എഴു തണം. ശിവനാണ് ഗീതയുടെ ഭഗവാൻ, ശിവനിലൂടെ കൃഷ്ണന് പദവി ലഭിച്ചു. കൃഷ്ണന്റെ 84 ജന്മങ്ങളും കാണിക്കുന്നുണ്ട്. അവസാനം ബ്രഹ്മാവിനെ ദത്തെടുത്ത ചിത്രവും കാണിക്കണം. നമ്മുടെ ബുദ്ധിയിൽ 84 ജന്മങ്ങളുടെ മാലയുണ്ട്. ലക്ഷ്മീ നാരായണന്മാരുടെ 84 ജന്മങ്ങളും കാണിക്കണം. രാത്രിയിൽ വിചാരസാ ഗര മഥനം ചെയ്ത് ചിന്തകൾ പോയിക്കൊണ്ടിരിക്കണം. സെക്കന്റിലാണ് ജീവന്മുക്തി ലഭിക്കുന്നത്. ഇതി നെക്കുറിച്ച് നമ്മൾ എന്തെഴുതും? ജീവന്മുക്തി അർത്ഥം സ്വർഗ്ഗത്തിൽ പോവുക. അതും സ്വർഗ്ഗത്തിന്റെ രചയിതാവായ അച്ഛൻ വരുന്നുവോ, അച്ഛന്റെ മക്കളായി മാറുന്നുവോ അപ്പോൾ സ്വർഗ്ഗത്തിന്റെ അധികാ രികളാവും. സത്യയുഗം പുണ്യാത്മാക്കളുടെ ലോകമാണ്. ഈ കലിയുഗം പാപാത്മാക്കളുടെ ലോകമാ ണ്. അത് നിർവ്വികാരീ ലോകമാണ്. അവിടെ മായാരാവണന്റെ രാജ്യമില്ല. അവിടെ ഈ മുഴുവൻ ജ്ഞാനവും ഇല്ലെങ്കിലും ഞാൻ ആത്മാവാണ്, ഈ ശരീരം വൃദ്ധനായിരിക്കുന്നു, ഇതിനെ ഇപ്പോൾ ഉപേക്ഷിക്കണം– ഈ ചിന്തകൾ ഉണ്ടാകുമല്ലോ. ഇവിടെയാണെങ്കിൽ ആത്മജ്ഞാനം പോലും ആരിലുമില്ല. അച്ഛനിൽ നിന്നും ജീവന്മുക്തിയുടെ സമ്പത്ത് ലഭിക്കുന്നു. അതിനാൽ ഓർമ്മിക്കേണ്ടതും അച്ഛനെത്തന്നെയല്ലേ. അച്ഛൻ ആജ്ഞ നൽകുകയാണ് മന്മനാഭവ. ഗീതയിൽ ആരാണിങ്ങനെ മന്മനാഭവ എന്ന് പറഞ്ഞത്? എന്നെ ഓർമ്മിക്കു എന്നും വിഷ്ണുപുരിയെ ഓർമ്മിക്കു എന്നും ആർക്കാണ് പറയാൻ സധിക്കുക? കൃഷ്ണനെ പതിതപാവനൻ എന്ന് പറയാൻ സാധിക്കില്ല. 84 ജന്മങ്ങളുടെ രഹസ്യവും ആർക്കെങ്കിലും അറിയുമോ. അതിനാൽ നിങ്ങൾ എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കണം. നിങ്ങൾ ഈ കാര്യങ്ങളെല്ലാം മനസ്സി ലാക്കി നിങ്ങളുടേയും മറ്റുള്ളവരുടേയും മംഗളം ചെയ്യുകയാണെങ്കിൽ നിങ്ങൾക്ക് വളരെ അധികം അംഗീ കാരം ഉണ്ടാകും. നിർഭയരായി എല്ലായിടത്തും ചുറ്റിക്കറങ്ങു. നിങ്ങൾ വളരെ ഗുപ്തമാണ്. വേഷം മാറിയും

സേവനം ചെയ്യൂ. ചിത്രങ്ങൾ സദാ കൂടെവെയ്ക്കു. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1. മധുരമായ അച്ഛനുമായി യോഗം വെച്ച് അതിമധുരവും ദേഹീ അഭിമാനിയുമായി മാറണം. വിചാരസാഗര മഥനം ചെയ്ത് ആദ്യം സ്വയം ധാരണ ചെയ്യണം പിന്നീട് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം.

2. തന്റെ അവസ്ഥ വളരെ ശക്തിശാലിയാക്കണം. നിർഭയരായി മാറണം. മനുഷ്യനെ ദേവതയാക്കി മാറ്റുന്നതിനുള്ള സേവനത്തിൽ ലഹരിവേണം.

**വരദാനം:– സദാ സന്തോഷത്തിന്റെ ഔഷധം കഴിക്കുകയും കഴിപ്പിക്കുകയും ചെയ്യുന്ന സന്തുഷ്ടരും ഭാഗ്യവാന്മാരുമായി ഭവിക്കട്ടെ.**

താങ്കൾ കുട്ടികൾ വശം സത്യമായ അവിനാശീ ധനമുണ്ട്, അതിനാൽ ഏറ്റവും ധനികർ താങ്കളാണ്. ഉണക്കറൊട്ടിയായിരിക്കും കഴിക്കുന്നതെങ്കിലും സന്തോഷത്തിന്റെ ഔഷധം അതിൽ നിറച്ചിട്ടുണ്ടായിരിക്കും. അതിനേക്കാൾ നല്ല ഔഷധം വേറെയുണ്ടാകില്ല. ഏറ്റവും നല്ല ഔഷധം കഴിക്കുന്നവർ, സുഖത്തിന്റെ റൊട്ടി കഴിക്കുന്നവർ താങ്കളാണ്, അതിനാൽ സദാ സന്തുഷ്ടരാണ്. അതിനാൽ അപ്രകാരം സന്തുഷ്ടരാകൂ അത് കണ്ട് മറ്റുള്ളവരും സന്തുഷ്ടരാകട്ടെ അപ്പോൾ പറയാം സന്തുഷ്ട ആത്മാക്കളെന്ന്.

**സ്ലോഗൻ:– നോളേജ്ഫുൾ അവരാണ് ആരുടെയാണോ ഒരു സങ്കൽപമോ വാക്കോ പോലും വ്യർത്ഥമായിപ്പോകാത്തത്.**